വൈസ് ചാൻസലറായിരുന്ന ശ്രീ. കെ. എൻ. പണിക്കർക്കുവേണ്ടി ചെലവഴിച്ച തുക

134 [3660] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസല റായിരുന്ന ശ്രീ. കെ. എൻ. പണിക്കർക്ക് ആ കാലയളവിൽ വീട്ടുവാടക ശമ്പളം എന്നീ ഇനങ്ങളിൽ ഓരോന്നിനും എന്ത് തുക വീതം ചെലവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വീട്ടിലെ ജോലിക്കാർക്ക് ശമ്പളം ടി. എ., ഡി. എ. എന്നീ ഇനങ്ങളിൽ എന്ത് തുക ചെലവായിട്ടുണ്ടന്ന് വെളിപ്പെടുത്താമോ; കൂടാതെ മറ്റ് ഇനങ്ങളിലായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ശ്രീ. കെ. എൻ. പണിക്കർക്ക് ആ കാലയളവിൽ വീട്ടുവാടക ഇനത്തിൽ ഒന്നും നൽകിയിട്ടില്ല. എങ്കിലും സർവ്വകലാശാല ഒരു കെട്ടിടം വാടകയ്ക്ക് എടുത്തുകൊടുത്ത ഇനത്തിൽ വാടക 4,37,182 രൂപയും കറന്റ് ചാർജ്ജ് ഇനത്തിൽ 94,374 രൂപയും ശമ്പളം ഇനത്തിൽ 17,75,379 രൂപയും ചെലവായിട്ടുണ്ട്.

(ബി) സർവ്വകലാശാല വാടകയ്ക്കെടുത്ത കെട്ടിടത്തിന്റെ കാവലിനായി സെക്യൂരിറ്റി ഗാർഡിന് ഈ കാലയളവിൽ 2,08,400 രൂപയും ശ്രീ. കെ. എൻ. പണിക്കർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 59,615 രൂപയും മൊബൈൽ ഫോൺ ഇനത്തിൽ 70,866 രൂപയും ചെലവായിട്ടുണ്ട്.

എം. ജി. സർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിൽ നൽകാൻ നടപടി

135 [3661] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എം. ജി. സർവ്വകലാശാലയിൽ താൽക്കാലികമായി നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള സ്കെയിൽ നൽകാനുള്ള സിൻഡിക്കേറ്റ് തീരുമാനം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സർവ്വകലാശാലയ്ക്ക് കൂടുതലായി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ബാധ്യത കൂടി കണക്കിലെടുത്ത് ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) & (ബി) 3-3-2005-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം യു.ജി.സി./ എ. ഐ. സി. റ്റി. ഇ./ഐ. എൻ. സി./എൻ. സി. റ്റി. ഇ. നിരക്കിലുള്ള ശമ്പളം നൽകുന്നതിന്റെ നടപടിക്രമങ്ങൾ തിട്ടപ്പെടുത്തുന്നതിന് പ്രൊ. സി. സി, ജേക്കബ് കൺവീനറായി ഒരു ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സമിതി അദ്ധ്യാപകരുടെ യോഗ്യതകൾ, സർവ്വകലാശാലയ്ക്കുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത, കോഴ്സുകളുടെ ലാഭനഷ്ട സാദ്ധ്യതകൾ, സംവരണ തത്വങ്ങൾ എന്നിവ വിശദമായി പരിശോധിക്കുന്നതാണ് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. തീരുമാനം പുന:പരിശോധിക്കാൻ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതാണ്.

കോമേഴ്സ്, സോഷ്യോളജി ബിരുദധാരികൾക്ക് പ്ലസ്ടു അദ്ധ്യാപക നിയമനം

136 [3662] *ശ്രീ. എ. എൻ. രാജൻ ബാബു:*

,, *കെ. കെ. ഷാജു:*

,, *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ബി.കോം., ബി.എ., എം.എ., സോഷ്യോളജി കോഴ്സുകൾക്ക് ബി. എഡ്. ഡിഗ്രി ഇല്ലാത്തതിനാൽ ബി. കോം., സോഷ്യോളജി വിഷയങ്ങൾ പാസ്സായ വിദ്യാർത്ഥികൾ, എച്ച്. എസ്സ്. എസ്. ടി. ആയി നിയമനം കിട്ടാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly